# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : കോവിഡ് വാക്സിനേഷൻ - ദക്ഷിണ മേഖല ഡിഐജി & ഡയറക്ടർ സിക്കയെ സംസ്ഥാനതല കോർഡിനേറ്ററായും, സൂപ്രണ്ടുമാരെ ജില്ലാതല കോർഡിനേറ്റർമാരായും, സെഷൻ സൈറ്റ് നോഡൽ പേഴ്സണൽമാരായും ചുമതലപ്പെടുത്തി ഉത്തരവാകുന്നു:-

പരാമർശം : D.O.No.03/prl.secy/2021/H&FWD dated 05.02.2021

**<u>ഉത്തരവ് നമ്പർ. E7-3613/2021/PrHQ; തീയതി : 10-02-2021</u>**

ഫ്രണ്ട് ലൈൻ വർക്കേഴ്സിനായുള്ള കോവിഡ് വാക്സിനേഷൻ ആരംഭിക്കുന്നതായും അതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങളും തുടർനടപടികളും സ്വീകരിക്കാനും പരാമർശത്തിലെ കത്തുപ്രകാരം ആരോഗ്യ വകുപ്പ് സെക്രട്ടറി അറിയിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ ദക്ഷിണ മേഖല ഡി.ഐ.ജി & സിക്കാ ഡയറക്ടറെ ജയിൽ വകുപ്പിലെ കോവിഡ് വാക്സിനേഷൻ മാർഗ്ഗനിർദ്ദേശങ്ങളും തുടർനടപടികൾക്കും മേൽനോട്ടം വഹിക്കുന്നതിനു സംസ്ഥാനതല കോർഡിനേറ്ററായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ ഒഴികെയുള്ള എല്ലാ ജില്ലകളിലും ജില്ലാ ജയിൽ സൂപ്രണ്ടുമാരെ അതാത് ജില്ലകളുടെ ജില്ലാതല കോർഡിനേറ്റർമാരായും, തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിൽ സൂപ്രണ്ടുമാരെ അതാത് ജില്ലകളുടെ കോർഡിനേറ്റർമാരായും, ചീമേനി തുറന്ന ജയിൽ സൂപ്രണ്ടിനെ കാസർഗോഡ് ജില്ലാ കോർഡിനേറ്ററായും, മഞ്ചേരി സ്പെഷ്യൽ സബ് ജയിൽ സൂപ്രണ്ടിനെ മലപ്പുറം ജില്ലാ കോർഡിനേറ്ററായും ചുമതലപ്പെടുത്തി ഉത്തരവാകുന്നു. മേൽപ്പറഞ്ഞ ജില്ലാതല കോർഡിനേറ്റർമാർ ജില്ലാ ടാസ്ക് ഫോഴ്സുമായി ബന്ധപ്പെട്ട് വാക്സിനേഷൻ തീയതിയും സെഷൻ സൈറ്റിനേയും സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ജില്ലാതല കോർഡിനേറ്റർ അല്ലാത്ത എല്ലാ ജയിൽ സൂപ്രണ്ടുമാരേയും സെഷൻ സൈറ്റ് നോഡൽ പേഴ്സണൽമാരായി ചുമതലപ്പെടുത്തുന്നു. സെൻട്രൽ പ്രിസൺ സീനിയർ ജോയിന്റ് സൂപ്രണ്ട് മാരെയും, ചീമേനി തുറന്ന ജയിൽ ജോയിന്റ് സൂപ്രണ്ടിനെയും, മഞ്ചേരി സ്പെഷ്യൽ സബ് ജയിൽ സീനിയർ ഡി.പി.ഒ. യെയും ജയിലാസ്ഥാന കാര്യാലയത്തിലെയും, ഡിഐ ജി ഓഫീസുകളിലെയും മിനിസ്റ്റീരിയൽ മേധാവികളെയും സെഷൻ സൈറ്റ് നോഡൽ പേഴ്സണൽമാരായി ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നിർദ്ദേശം അതാത് സ്ഥാപന മേധാവികൾ നൽകേണ്ടതാണ്.

ആരോഗ്യ സെക്രട്ടറിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വാക്സിനേഷൻ എടുക്കുന്നവർക്ക് സാനിറ്റൈസർ, മാലിന്യ നിർമ്മാർജ്ജനത്തിനായി കളർ ബാഗുകൾ, ഹബ് കട്ടറുകൾ, കസേര, മേശ, ഇന്റർനെറ്റ് സൗകര്യം,ഗതാഗത സൗകര്യം, ടോയ്ലറ്റ് സൗകര്യം തുടങ്ങിയവ ലഭ്യമാക്കേണ്ടതാണെന്നും,വാക്സിനേഷൻ എടുത്തവർ 30 മിനിട്ട് നിരീക്ഷണത്തിൽ ഇരിക്കുന്നതിനുള്ള സൗകര്യം ഒരുക്കണം.

എല്ലാ ജില്ലാതല കോർഡിനേറ്റർമാരും, സെഷൻ സൈറ്റ് നോഡൽ പേഴ്സണൽമാരും ദക്ഷിണ മേഖല ഡിഐജിയെ ഫോൺ നമ്പർ, മറ്റു വിവരങ്ങൾ എന്നിവ അറിയിക്കേണ്ടതും, വാക്സിനേഷനു വേണ്ടി രജിസ്റ്റർ ചെയ്ത ആൾക്കാരുടെ എണ്ണം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 2010 പേർ വാക്സിനേഷനു വേണ്ടി ജയിൽ വകുപ്പിൽ നിന്ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്കായി ആരോഗ്യ സെക്രട്ടറിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കത്തിന്റെ പകർപ്പും, രജിസ്റ്റർ ചെയ്ത ആൾക്കാരുടെ എണ്ണം സംബന്ധിച്ച ലിസ്റ്റും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. രജിസ്റ്റർ ചെയ്ത പരമാവധി ജീവനക്കാർ വാക്സിനേഷന് അറിയിച്ച് കൊണ്ടുള്ള എസ്.എം.എസ് ലഭ്യമാകുന്ന മുറയ്ക്ക് തന്നെ വാക്സിൻ സ്വീകരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സെഷൻ സൈറ്റ് നോഡൽ പേഴ്സണൽമാരും ജില്ലാ തല നോഡൽ കോർഡിനേറ്റർമാരും ആരോഗ്യ വകുപ്പുമായും ടാസ്ക് ഫോഴ്സുമായി ബന്ധപ്പെട്ട് ആവിഷ്കരിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 01) എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും
02) ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും